MONDAY 18.03.2024 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR  Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/03/2024

1. കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ലളിതമായ വ്യവസ്ഥയിൽ മൃഗങ്ങളെ വാങ്ങാൻ വ്യക്തികൾക്കും / ഗ്രൂപ്പുകൾക്കും 3 ലക്ഷം രൂപ വരെ വായ്പനൽകുന്നു. അതതു ബാങ്കിൻ്റെ പലിശ നിരക്ക് ബാധകം. പശു/ ആട്/ കോഴി/ മുയൽ എന്നിവയ്ക്ക് 1,60,000 രൂപ വരെ സെക്യൂരിറ്റി നൽകേണ്ടതില്ല. ഈ തുകയ്ക്കു മുകളിലാണെങ്കിൽ സെക്യൂരിറ്റി വേണം. പരമാവധി 3 ലക്ഷം രൂപ വരെ ലോൺ നൽകും. അപേക്ഷാ ഫോം എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാർ കാർഡ്, റേഷൻ കാർഡ്, കരം അടച്ച രസീത് എന്നിവയുടെ കോപ്പികൾ സഹിതം മൃഗാശുപത്രിയിൽ അപേക്ഷ നൽകാം.

2. മൃഗസംരക്ഷണ മേഖലയിലെ പരിശീലനാർഥികൾക്കും സംരംഭകർക്കും കേരള സർക്കാർ മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ നൈപുണ്യ സംരംഭകത്വ വികസന പരിശീലനം നേടാൻ അവസരം. ഈ അപ്രൻ്റീസ് പരിശീലനത്തിലൂടെ പരിശീലനാർത്ഥികളിൽ അവർ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ നൈപുണ്യം വികസിക്കുകയും, ആ മേഖലയിൽ അവരുടെ പ്രവർത്തനം മികവുറ്റതാക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ രാജ്യത്തും വിദേശത്തും, ഉപരിപഠനത്തിനും, ഉദ്യോഗത്തിനും ഇവരെ പ്രാപ്തരാക്കുവാൻ സഹായിക്കും. കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. വയനാട് അമ്പലവയൽ സംരക്ഷിത കൃഷിയിലൂടെ മികവിന്റെ കേന്ദ്രത്തിൽ ഉല്പാദിപ്പിച്ച സ്നോ വൈറ്റ് ഇനം ഹൈബ്രിഡ് സാലഡ് കക്കിരി, സുപ്രീം ഇനം ഹൈബ്രിഡ് വള്ളിപ്പയർ എന്നിവ വിൽപ്പനയ്ക്ക് തയ്യാറാണ്. വില 2/- രൂപ. ആവശ്യമുള്ള

കർഷകർ അമ്പലവയൽ RARS മായോ 9497238632, 9562304546 എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

4. കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നല്ലയിനം കാസറകോഡ് കുള്ളൻ പശുക്കൾ ലഭ്യമാണ്. പശുക്കളെ ആവശ്യമുള്ള ഫാമുകൾക്കും കർഷകർക്കും കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രവുമായി 9446023845, 8086982969, 9447070957 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

6. സംസ്ഥാനസർക്കാർ മത്സ്യവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്ന വിവിധ ഘടകപദ്ധതികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അർധ ഊർജ്ജിത (തിലാപ്പിയ, ആസാംവാള, വരാൽ, അനബാസ്, കാർപ്പ്) മത്സ്യകൃഷി, പടുതാകുളങ്ങളിലെ (ആസാംവാള, വരാൽ, അനബാസ്) മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ), ബയോഫ്ളോക്കിലെ മത്സ്യകൃഷി (തിലാപ്പിയ) എന്നിവയാണ് ഘടകപദ്ധതികൾ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 30. അപേക്ഷ ഫോമുകളും കൂടുതൽ വിവരങ്ങളും നെടുങ്കണ്ടം മത്സ്യഭവൻ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാർ എന്നിവരിൽ നിന്നും ലഭിക്കും. കൂടുതൽ

വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ മത്സ്യഭവൻ ഇടുക്കി- 04862 233226, മത്സ്യഭവൻ നെടുങ്കണ്ടം- 04868 234505 എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും.

7. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 13 പെൺപന്നിയെയും 1 ആൺപന്നിയെയും ഈ മാസം 26 ന് (26/03/2024) രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുമ്പായി ടി പന്നികൾക്ക് 2000/- രൂപ നിരതദ്രവ്യമായി ആഫീസിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

8. അടുക്കളത്തോട്ടപരിപാലനത്തിൽ ഹൈടെക് കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള പരിശീലനം പ്രായോഗിക സെക്ഷനിലൂടെ 22/03/2024 രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ കാക്കനാട്, കൊച്ചിയിലുള്ള ദൂരദർശൻ കേന്ദ്രത്തിന് സമീപമുള്ള VFPCK, മൈത്രി ഭവൻനിൽ നടത്തുന്നു. പരിശീലന ഫീസ് 1000 രൂപ. സീറ്റുകളുടെ എണ്ണം 40 കൂടുതൽ വിവരങ്ങൾക്ക് 8547600298 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് മാർച്ച് 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം